## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3444 20/06/2018-ലെ മറുപടി

**ഭവാനിപ്പുഴയിലെ ജലത്തിന് സംസ്ഥാനത്തിനുള്ള അവകാശങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. കെ. രാജൻ<br>ശ്രീ. വി. ആർ. സുനിൽ കുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) അന്തർ സംസ്ഥാന നദിയായതിനാൽ ഉഭയ സമ്മത പ്രകാരമേ നിർമ്മാണ പ്രവർത്തനങ്ങൾ പാടുള്ളൂ എന്ന ചട്ടം ലംഘിച്ച് ഭവാനിപ്പുഴയുടെ ഉത്ഭവസ്ഥാനത്ത് വൻതുരങ്കം നിർമ്മിക്കുന്നത് ഉൾപ്പെടെ തമിഴ്നാട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | എ) | പ്രസ്തുത വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യു മുഖേന അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ , തമിഴ്നാട് നിലവിലുള്ള കുണ്ട ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ ഭാഗമായി ഒരു ടണലാണ് നിർമ്മിക്കുന്നതെന്നും , പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഭവാനിയുടെ കേരളത്തിലെ നീരൊഴുക്കിനെ ബാധിക്കുകയില്ല എന്നും പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ട്. എങ്കിലും ഇക്കാര്യത്തിലുള്ള നിജസ്ഥിതി നേരിട്ട് മനസ്സിലാക്കി, റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒരു സംഘത്തെ പദ്ധതി പ്രദേശം സന്ദർശിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ് |
| ബി)ഭവാനിപ്പുഴയിലെ ജലത്തിന് സംസ്ഥാനത്തിനുള്ള അധികാര അവകാശങ്ങൾ നിലനിർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ ? | ബി) | 16/06/2018 ലെ കാവേരി കേസിലെ സുപ്രീം കോടതിയുടെ വിധി പ്രകാരം കേരളത്തിലെ ഭവാനി ബേസിനിൽ ട്രൈബ്യൂണൽ അവാർഡിൽ അനുവദിച്ച 6 ടി.എം.സി ജലം ഉപയോഗിക്കാവുന്നതാണ്. ഈ ജലം പൂർണ്ണമായി ഉപയോഗിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭവാനി ബേസിനിൽ 2.87 |

ടി.എം.സി ജലം ഉപയോഗിക്കുവാനുള്ള അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി, 0.29 ടി.എം.സി ജലം ഉപയോഗിച്ച് പാന്തൻതോട് ഡൈവേർഷൻ പദ്ധതിയുടെ അറ്റകുറ്റപ്പണികളും 0.57 ടി.എം.സി ജലം ഉപയോഗിച്ച് ഇടുക്കി അരളി പദ്ധതിയിൽ ഉൾപ്പെടുന്ന അരളി പദ്ധതി നടപ്പിലാക്കുവാനുള്ള പര്യവേഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു. കൂടാതെ ഭവാനി ബേസിനിൽ ചെറുകിട ജലസേചന പദ്ധതിയ്ക്കായി ട്രൈബ്യൂണൽ അവാർഡിൽ അനുവദിച്ചിട്ടുള്ള 1.28 ടി.എം.സി ജലം പൂർണ്ണമായി വിനിയോഗിക്കുവാൻ വേണ്ടി അനുയോജ്യമായ ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുവാനുള്ള നടപടികളും എടുത്തു വരുന്നു.

**സെക്ഷൻ ഓഫീസർ**